# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 649 — 25.05.2017-ൽ മറുപടിക്ക്

### വൈദ്യുതി മേഖലയിലെ സ്വകാര്യവൽക്കരണം ഒഴിവാക്കാൻ നയപരമായ തീരുമാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | വൈദ്യുതി മേഖലയെ സ്വകാര്യ വത്ക്കരിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ സമ്മർദ്ദങ്ങളെ അതിജീവിച്ച് മേഖലയെ ഒറ്റ സ്ഥാപനമായി പൊതുമേഖലയിൽ നിലനിർത്തുന്നതിനായി എന്തെല്ലാം നയപരമായ തീരുമാനങ്ങളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രസർക്കാർ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതികൾ അപ്പാടെ നടപ്പിലാക്കപ്പെടുകയാണെങ്കിൽ വൈദ്യുത മേഖല വിവിധ കമ്പനികളായി വിഭജിക്കപ്പെടുന്നതിനും അതിലൂടെ സ്വകാര്യ കമ്പനികൾ കടന്നു വരുന്നതിനുള്ള സാധ്യത സംജാതമാകും. ആയതിനാൽ പൊതുമേഖല ഉടമസ്ഥത തുടർന്നും ഉറപ്പാക്കുന്നവണ്ണം മാത്രമേ വൈദ്യുത നിയമത്തിൽ ഭേദഗതികൾ അനുവദിക്കാനാവൂ എന്നതാണ് സംസ്ഥാനത്തിന്റെ നയം.<br>അതേസമയം വൈദ്യുതി മേഖലയുടെ കാര്യക്ഷമത വലിയ തോതിൽ ഉയർത്തി ക്കൊണ്ടു മാത്രമേ സ്വകാര്യ വൽക്കരണത്തിനുള്ള പ്രചരണങ്ങളെ പ്രതിരോധിക്കാനാവൂ എന്നതിനാൽ ഈ മേഖലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സാമ്പത്തികവും സാങ്കേതികവുമായ പ്രവർത്തനങ്ങളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | കേരളത്തിന്റെ പൊതുവികസ നത്തിന് സഹായകമായ രീതിയിൽ വിദ്യുച്ഛക്തി ബോർഡിന്റെ പ്രവർത്ത നങ്ങളെ | (ബി) | പൊതു വികസനത്തിന് സഹായകമായ രീതിയിൽ വിദ്യുച്ഛക്തി ബോർഡിന്റെ |

| | | |
|---|---|---|
| കൂടുതൽ കാര്യക്ഷമ മാക്കുവാൻ എന്തെല്ലാം നടപടിക ളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | | പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1. എല്ലാ വീട്ടുകളിലും വൈദ്യുതി ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി അന്തിമ ഘട്ടത്തിലാണ്. 1.50 ലക്ഷം ഗുണഭോക്താക്കൾക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.<br>2. വിതരണ നഷ്ടം കുറച്ച് ഗുണമേന്മയേറിയ വൈദ്യുതി ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പുതിയ 11 കെ.വി ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി അനുപാതം കൂട്ടുക.<br>3. നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring).<br>4. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുക.<br>5. മരച്ചില്ലകൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bundled Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക.<br>6. മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.<br>7. കൂടുതൽ back feeding സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ<br>8. വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തി മെച്ചപ്പെട്ട വോൾട്ടേജിൽ വൈദ്യുതി എത്തിക്കുന്നതിനായി വോൾട്ടേജ് ഇംപ്രൂവ്മെന്റ്/ സിസ്റ്റം ഇംപ്രൂവെമെന്റ് പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. |

9. പുതിയ എച്ച് റ്റി ലൈനുകൾ നിർമ്മിക്കുക.

10. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്ത് വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള കാലതാമസം കുറച്ചു.

11. ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ എടുക്കുന്നതാണ്.

12. കേന്ദ്രസർക്കാർ 20.11.2015 – ൽ പ്രഖ്യാപിച്ച 'ഉദയ് പദ്ധതി ' യിൽ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു.

13. ഹ്രസ്വ ദീർഘ കാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി മിതമായ വിലയിൽ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ

14. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി,

15. 21 ടൗണുകളിൽ ഫേസ് – 2 ഐ.ടി പദ്ധതികൾ നടപ്പിൽ വരുത്തുന്ന പദ്ധതി.

16. എച്ച്.ടി/ഇ.എച്ച്.ടി ഉപഭോക്താക്കൾക്കായി ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് (എ.എം.ആർ) സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

17. എനർജി ഓഡിറ്റിംഗും ഔട്ടേജ് മോണിറ്ററിംഗും ലക്ഷ്യമാക്കി സംസ്ഥാന മൊട്ടാകെ എച്ച്.ടി ഫീഡറുകളിലും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും എ.എം.ആർ മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

18. എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി) നടപ്പിൽ വരുത്തുന്ന പദ്ധതി.

| | | |
|---|---|---|
| | | 19. ഗ്രാമീണ മേഖലകളിലുള്ള ഫീഡറുകളുടെ തടസ്സം സംബന്ധിച്ച വിവരങ്ങൾ നാഷണൽ പവർ പോർട്ടലിൽ എത്തിക്കുന്നതിനുള്ള 11 കെ.വി റൂറൽ ഫീഡർ മോണിറ്ററിംഗ് പദ്ധതി.<br>20. നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ (NII) ഭാഗമായി ഗവൺമെന്റ് ഓഫീസുകളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ബന്ധിപ്പിക്കാനുള്ള പദ്ധതി.<br>21. വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനത്തോടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താ ക്കൾക്കായി സമർപ്പിക്കുന്ന പദ്ധതി.<br>22. തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.<br>23. സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി<br>24. താരിഫ് മാറ്റം, ഫേയ്സ് മാറ്റം മുതലായവക്ക വേണ്ടി ഉപഭോക്താക്കളിൽ നിന്നു ഓൺ ലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം |

**സെക്ഷൻ ഓഫീസർ**